**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 150** **12-09-2023 - ൽ മറുപടിയ്ക്ക്**

**ഓണത്തിന് ഒരു മുറം പച്ചക്കറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി ഈ വർഷവും തുടരുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിഷരഹിത പച്ചക്കറി വ്യാപകമാക്കുന്നതിനും ഉത്സവ സീസണിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും പദ്ധതി എത്രത്തോളം സഹായകരമായിട്ടുണ്ട് എന്ന് വിലയിരുത്തിയിട്ടുണ്ടോ; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | ഉണ്ട്. വിഷരഹിത പച്ചക്കറി വ്യാപകമാക്കുന്നതിനും ഉത്സവ സീസണിൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി സഹായകരമായിട്ടുണ്ട് എന്ന് വിലയിരുത്തിയിട്ടുണ്ട്.<br><br>ഓണക്കാലത്ത് പച്ചക്കറികൾക്ക് അമിതമായി വില വർദ്ധിക്കുന്നത് തടയുന്നതിനും ഉത്സവ സീസണുകളിൽ പച്ചക്കറിയ്ക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനും ലക്ഷ്യമിട്ട് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. **"ഞങ്ങളും കൃഷിയിലേക്ക്"** ക്യാമ്പയിന്റെ ഭാഗമായി രൂപീകൃതമായ **കൃഷിക്കൂട്ടങ്ങൾ** പച്ചക്കറികൾക്ക് പ്രാധാന്യം നല്കിയുള്ള കൃഷിയിലാണ് ഏർപ്പെട്ടിരിക്കുന്നത്. പച്ചക്കറി കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന പാരമ്പര്യ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ഓണക്കാലയളവിൽ പച്ചക്കറിയിൽ പരമാവധി ഉല്പാദനം ലക്ഷ്യമാക്കിയാണ് **"ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി"** നടപ്പിലാക്കി വരുന്നത്.<br><br>**ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ :**<br><br>സംസ്ഥാനത്ത് സുരക്ഷിത ഭക്ഷ്യോല്പാദനം ലക്ഷ്യമിട്ടുകൊണ്ടും ഉത്സവ സമയങ്ങളിൽ പച്ചക്കറിയ്ക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായും ഓണക്കാലത്ത് സുരക്ഷിതമായ ജൈവ പച്ചക്കറികൾ നമ്മുടെ സ്വന്തം വീട്ടുവളപ്പിൽ നിന്നു തന്നെ ലഭ്യമാക്കുവാൻ ഉദ്ദേശിച്ചുമാണ് "ഞങ്ങളും കൃഷിയിലേക്ക്" ക്യാമ്പയിന്റെ ഭാഗമായി "ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി" നടപ്പിലാക്കി വരുന്നത്. |

| | | | |
|---|---|---|---|
| | | | 2017-18 സാമ്പത്തിക വർഷം ആരംഭിച്ച ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി ഈ വർഷവും നടപ്പിലാക്കിയിരുന്നു.<br><br>ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികൾ ഒഴിവാക്കി നമ്മുടെ വീട്ടുവളപ്പിൽ നിന്നു തന്നെ പച്ചക്കറി ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും സമഗ്ര പച്ചക്കറി വികസന പദ്ധതിയിലൂടെ സാധ്യമായിട്ടുണ്ട്.<br><br>കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീകൾ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, കൃഷിക്കൂട്ടങ്ങൾ തുടങ്ങി പൊതു സമൂഹത്തിലെ എല്ലാ വിഭാഗത്തെയും പങ്കെടുപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.<br><br>"ഓണത്തിന് ഒരു മുറം പച്ചക്കറി" പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 1076 കൃഷി ഭവനുകൾ വഴി സൗജന്യമായി അത്യുല്പാദന ശേഷിയുള്ള സങ്കരയിനം പച്ചക്കറി വിത്ത്, തൈകളും കൂടാതെ വിവിധങ്ങളായ പച്ചക്കറി വിത്തുകൾ, തൈകൾ, ദീർഘകാല പച്ചക്കറി തൈകൾ എന്നിവ പൂർണ്ണമായും സൗജന്യമായി നൽകി. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി വിത്തുകൾ, തൈകൾ എന്നിവ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതിയുടെ ഭാഗമായി വിവിധ പച്ചക്കറി വിത്തിനങ്ങൾ അടങ്ങിയ 10/- രൂപ വില വരുന്ന 25 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വിദ്യാർത്ഥികൾ, കർഷകർ, സർക്കാരിതര സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവർ വഴി വിതരണം ചെയ്തു. ആയതിനായി 250 ലക്ഷം രൂപ നടപ്പ സാമ്പത്തിക വർഷം ചെലവഴിച്ചു. കൂടാതെ 2.50 രൂപ വില വരുന്ന പച്ചക്കറി ഇനങ്ങളുടെ 108.6 ലക്ഷം പച്ചക്കറി തൈകൾ ടി പദ്ധതിയിലൂടെ കൃഷിക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 271.5 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നു. കൂടാതെ 15/- രൂപ വില വരുന്ന ദീർഘകാല പച്ചക്കറി വിളകളുടെ (മുരിങ്ങ, കറിവേപ്പ്, അഗത്തിചീര) 10 ലക്ഷം തൈകൾ ഉല്പാദിപ്പിച്ച് 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതിയുടെ ഭാഗമായി വിതരണം നടത്തിയിട്ടുണ്ട്.<br><br>2023-24 സാമ്പത്തിക വർഷം മുതൽ വിവിധ ഇനങ്ങളടങ്ങിയ അത്യുല്പാദന ശേഷിയുള്ള സങ്കരയിനം വിത്തുകളുടെ 20 ലക്ഷം പായ്ക്കറ്റുകളും, 3 രൂപ വിലവരുന്ന അത്യുല്പാദന ശേഷിയുള്ള പച്ചക്കറി ഇനങ്ങളുടെ 116.66 ലക്ഷം തൈകളും വിതരണം നടത്തി വരുന്നുണ്ട്. പദ്ധതി നടത്തിപ്പിനായി ജില്ലകൾക്കു ഭൗതീക ലക്ഷ്യവും ഫണ്ടും അനുവദിച്ചു നൽകിയിട്ടുണ്ട്. പദ്ധതി ഘടകം നടത്തിപ്പിനായുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ |

| | | | |
|---|---|---|---|
| | | | കൈക്കൊണ്ടു വരുന്നു. പ്രമുഖ മാധ്യമങ്ങളുടെ കാർഷിക-കാർഷികേതര മാസികകളിലൂടെ 4 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും വിതരണം ചെയ്തിട്ടുണ്ട്.<br><br>പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി ബാംഗ്ലൂർ ഇന്ത്യൻ ഇൻസ്റ്റിറ്റൂട്ട് ഓഫ് ഹോർട്ടികൾച്ചർ റിസർച്ച് (IIHR), തമിഴ് നാട് കാർഷിക സർവ്വകാലശാല, വാരണാസിയിലെ ഭാരതീയ പച്ചക്കറി ഗവേഷണ സ്ഥാപനം (IVRI), വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം (വിഎഫ്.പി.സി.കെ.), കേരള കാർഷിക സർവ്വകലാശാല (KAU), കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ, കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ, കൃഷിക്കൂട്ടം, ബ്ലോക്ക് ലവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനുകൾ, കുടുംബശ്രീ, കൃഷി വകുപ്പ് അംഗീകരിച്ച ബ്ലോക്ക്-പഞ്ചായത്ത് തല നഴ്സറികൾ തുടങ്ങിയ സർക്കാർ സ്ഥാപനങ്ങൾ മുഖേനയാണ് പച്ചക്കറി വിത്ത്, തൈകൾ എന്നിവ ഉല്പാദിപ്പിച്ച് വിതരണത്തിന് തയ്യാറാക്കുന്നത്. |
| (സി) | പച്ചക്കറി കർഷകർക്കായി മറ്റെന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് **"ഞങ്ങളും കൃഷിയിലേക്ക്"** എന്ന ക്യാമ്പയിന്റെ ഭാഗമായി **സമഗ്ര പച്ചക്കറി വികസന പദ്ധതി"** ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയം പര്യാപ്തതയിലേയ്ക്ക് എത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര പച്ചക്കറി വികസന പദ്ധതി യിലൂടെ പച്ചക്കറി കൃഷിചെയ്യുന്ന കർഷകർക്ക് നിലവിൽ നൽകി വരുന്ന സഹായങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .<br><br>• വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹനം<br>• സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി<br>• വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി<br>• പച്ചക്കറി കൃഷിക്ക് അടിസ്ഥാന സൗകര്യ വികസനം<br>• തുറസ്സായ സ്ഥലത്തെ കൃത്യത കൃഷി<br>• പുതിയതായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പോഷകസമൃദ്ധി മിഷൻ വിഷരഹിത പച്ചക്കറിയുടെ ഉൽപ്പാദനത്തിലും പ്രാമുഖ്യം നൽകുന്ന പദ്ധതിയാണ്. വിവിധ സ്കീമുകൾ സംയോജിപ്പിച്ച് പോഷക പ്രാധാന്യമുള്ള വിളകൾ ഉൽപ്പാദിപ്പിച്ച് കർഷക വരുമാനം വർദ്ധിപ്പിക്കുവാനും പോഷക സമ്പന്നമായ ഭക്ഷണം ജനങ്ങളിൽ എത്തിക്കുവാനും ഈ മിഷൻ ലക്ഷ്യമിടുന്നു. |

പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന അർക്ക വെർട്ടിക്കൽ ഗാർഡൻ നിർമ്മിക്കുന്നതിന് ഒരു യൂണിറ്റിന് 5000/- രൂപ നിരക്കിൽ കർഷകർക്ക് ധനസഹായം നൽകി വരുന്നു. ഇത്തരത്തിൽ 2000 അർക്ക വെർട്ടിക്കൽ ഗാർഡൻ നിർമ്മിക്കുന്നതിന് പദ്ധതി ഘടകത്തിൽ വിഭാവനം ചെയ്തിരിക്കുന്നു.

**<u>വി.എഫ്.പി.സി.കെ. മുഖേനെയുള്ള പച്ചക്കറി കൃഷി വികസനം</u>**

വി.എഫ്.പി.സി.കെ. മുഖേന പച്ചക്കറി കൃഷി വികസന പദ്ധതി നടപ്പിലാക്കുന്നതിനായി 2023-24 സാമ്പത്തിക വർഷത്തിൽ സപ്പോർട്ട് ടു വി.എഫ്.പി.സി.കെ. എന്ന ഘടകത്തിൽ 2300 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

സപ്പോർട്ട് ടു വി.എഫ്.പി.സി.കെ. എന്ന ഘടകത്തിലൂടെ കർഷകർക്ക് 2.50 രൂപ വിലവരുന്ന 15 ലക്ഷം വിവിധ ഇനം പച്ചക്കറി തൈകൾ സൗജന്യമായി വിതരണം നടത്തി വരുന്നു. കൂടാതെ 20/- രൂപ വില വരുന്ന വിവിധ പച്ചക്കറി ഇനങ്ങളുടെ 7.5 ലക്ഷം വിത്ത് പായ്ക്കറ്റുകളും, 50/- രൂപ വിലയുള്ള സങ്കരയിനം അത്യുല്പാദന ശേഷിയുള്ള 40000 പച്ചക്കറി വിത്ത് പായ്ക്കറ്റുകളും കർഷകർക്ക് വിതരണം നടത്തുന്നുണ്ട്.

കേരളത്തിൽ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് മെച്ചപ്പെട്ട വിപണി വില ഉറപ്പാക്കുന്നതിന്റെ ഭാഗമായി 16 ഇനം പച്ചക്കറികൾക്ക് അടിസ്ഥാന വില പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പൊതു വിപണിയിലെ വില ഈ പദ്ധതിയിലെ അടിസ്ഥാന വിലയെക്കാൾ കുറയുന്ന സാഹചര്യത്തിൽ ടി പദ്ധതിയിൽ ഉൾപ്പെടുത്തി വിപണിയിൽ നിശ്ചയിക്കപ്പെട്ട അടിസ്ഥാന വിലയ്ക്ക് കർഷകരിൽ നിന്നും പച്ചക്കറികൾ സംഭരിച്ച് വരുന്നു. ഇനം തിരിച്ചുള്ള അടിസ്ഥാന വില ചുവടെ കണ്ടാലും.

| ക്രമ നം. | ഇനം | അടിസ്ഥാന വില (കി.ലോ.) |
|---|---|---|
| 1 | മരച്ചീനി | 12.00 |
| 2 | നേന്ത്രൻ | 30.00 |
| | വയനാടൻ നേന്ത്രൻ | 24.00 |
| 3 | കൈതചക്ക | 15.00 |
| 4 | കുമ്പളം | 9.00 |
| 5 | വെള്ളരി | 8.00 |
| 6 | പാവൽ | 30.00 |

| | | |
|---|---|---|
| 7 | പടവലം | 16.00 |
| 8 | പയർ | 34.00 |
| 9 | തക്കാളി | 8.00 |
| 10 | വെണ്ട | 20.00 |
| 11 | കാബേജ് | 11.00 |
| 12 | കാരറ്റ് | 21.00 |
| 13 | ഉരുളക്കിഴങ്ങ് | 20.00 |
| 14 | ബീൻസ് | 28.00 |
| 15 | ബിറ്റ്റൂട്ട് | 21.00 |
| 16 | വെളുത്തുള്ളി | 139.00 |

ഈ ഓണക്കാലത്ത് സംസ്ഥാനത്തൊട്ടാകെ കൃഷി വകുപ്പ് നടപ്പിലാക്കിയ 2000 ഓണചന്തകളിലൂടെ 1400.22 മെട്രിക് ടൺ പച്ചക്കറി വിപണി വിലയേക്കാൾ 10% അധികം നൽകി കർഷകരിൽ നിന്നും സംഭരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ